**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**തിരുവനന്തപുരം -695033**

നമ്പർ:ബി2/156/2023-സം.തി.ക

തീയതി:14/07/2023

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ്, സബ് ഡിവിഷൻ, പുനലൂർ &

വരണാധികാരി, ജി 32 തെന്മല ഗ്രാമപഞ്ചായത്ത് (കൊല്ലം ജില്ല)

സ്പെഷ്യൽ തഹസിൽദാർ, എൽ.എ നമ്പർ-02, മിനിസിവിൽ സ്റ്റേഷൻ, കുണ്ടറ, കൊല്ലം &

വരണാധികാരി, ജി 69 ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് (കൊല്ലം ജില്ല)

സീനിയർ സൂപ്രണ്ടന്റ്, അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസ്, തലവടി &

വരണാധികാരി, ജി 31 തലവടി ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല)

ജോയിന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കോട്ടയം &

വരണാധികാരി, ബി 43 വൈക്കം ബ്ലോക്ക് പഞ്ചായത്ത് (കോട്ടയം ജില്ല)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ് ഡിവിഷൻ, നോർത്ത് പരവൂർ, എറണാകുളം &

വരണാധികാരി, ജി 03 ഏഴിക്കര ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

തഹസിൽദാർ, (ലാന്റ് റെക്കോർഡ്സ്), നോർത്ത് പറവൂർ, എറണാകുളം &

വരണാധികാരി, ജി 04 വടക്കേക്കര ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

തഹസിൽദാർ, (ലാന്റ് റെക്കോർഡ്സ്), ആലുവ, എറണാകുളം &

വരണാധികാരി, ജി 10 മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), നോർത്ത് പറവൂർ, എറണാകുളം &

വരണാധികാരി, ജി 37 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ഒല്ലൂക്കര &
വരണാധികാരി, ജി 27 മാടക്കത്തറ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)
അഗ്രിക്കൾച്ചറൽ ഓഫീസർ, അലനല്ലൂർ &
വരണാധികാരി, ജി 31 പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)
ജോയിന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), മലപ്പുറം &
വരണാധികാരി, ബി.111 പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്ത് (മലപ്പുറം ജില്ല)
തഹസിൽദാർ, (ലാന്റ് റെക്കോർഡ്സ്), താലൂക്ക് ഓഫീസ്, നിലമ്പൂർ &
വരണാധികാരി, ജി 05 ചുങ്കത്തറ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
സബ് രജിസ്ട്രാർ, വണ്ടൂർ&
വരണാധികാരി, ജി 25 തുവ്വൂർ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, പെരിന്തൽമണ്ണ &
വരണാധികാരി, ജി 53 പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), വടകര, മിനി സിവിൽ സ്റ്റേഷൻ &
വരണാധികാരി, ജി 13 വേളം ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
താലൂക്ക് സപ്ലൈ ഓഫീസർ, കണ്ണൂർ &
വരണാധികാരി, ജി 41 മുണ്ടേരി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ചൊക്ലി &
വരണാധികാരി, ജി 50 ധർമ്മടം ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 17 പഞ്ചായത്ത് വാർഡുകളിൽ **2023 ആഗസ്റ്റ് 10 (വ്യാഴാഴ്ച)-** ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത് – കാര്യപരിപാടി അറിയിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 2023 ആഗസ്റ്റ് 10 (വ്യാഴാഴ്ച)- ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി കൊടുത്തിരിക്കുന്നു. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുന്നു.

<u>പട്ടിക</u>

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പറും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1. | കൊല്ലം | ജി 32 തെന്മല ഗ്രാമപഞ്ചായത്ത് | 05-ഒറ്റക്കൽ | സ്ത്രീ |
| 2. | കൊല്ലം | ജി 69 ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 02-പുഞ്ചിരിച്ചിറ | ജനറൽ |
| 3. | ആലപ്പുഴ | ജി 31 തലവടി ഗ്രാമപഞ്ചായത്ത് | 13-കോടമ്പനാടി | ജനറൽ |
| 4. | കോട്ടയം | ബി 43 വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 03-മറവൻ തുരുത്ത് | സ്ത്രീ |
| 5. | എറണാകുളം | ജി 03 ഏഴിക്കര ഗ്രാമപഞ്ചായത്ത് | 03-വാടക്കുപുറം | ജനറൽ |
| 6. | എറണാകുളം | ജി 04 വടക്കേക്കര ഗ്രാമപഞ്ചായത്ത് | 11-മുറവൻ തുരുത്ത് | ജനറൽ |
| 7. | എറണാകുളം | ജി 10 മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് | 04-കോക്കുന്ന് | സ്ത്രീ |
| 8. | എറണാകുളം | ജി 37 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 10-പഞ്ചായത്ത് വാർഡ് | സ്ത്രീ |
| 9. | തൃശ്ശൂർ | ജി 27 മാടക്കത്തറ ഗ്രാമപഞ്ചായത്ത് | 15.താണിക്കുടം | ജനറൽ |
| 10. | പാലക്കാട് | ജി 31 പൂക്കോട്ട് കാവ് ഗ്രാമപഞ്ചായത്ത് | 07-താനിക്കുന്ന് | ജനറൽ |
| 11. | മലപ്പുറം | ബി.111 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 02.ചെമ്മാണിയോട് | ജനറൽ |
| 12. | മലപ്പുറം | ജി 05 ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | 14-കളക്കുന്ന് | സ്ത്രീ |
| 13. | മലപ്പുറം | ജി 25 തുവ്വൂർ ഗ്രാമപഞ്ചായത്ത് | 11-അക്കരപ്പുറം | പട്ടികജാതി |
| 14. | മലപ്പുറം | ജി 53 പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് | 16-കട്ടിലശ്ശേരി | ജനറൽ |
| 15. | കോഴിക്കോട് | ജി 13 വേളം ഗ്രാമപഞ്ചായത്ത് | 17-പാലോടിക്കുന്ന് | ജനറൽ |
| 16. | കണ്ണൂർ | ജി 41 മുണ്ടേരി ഗ്രാമപഞ്ചായത്ത് | 10.താറ്റിയോട് | സ്ത്രീ |
| 17. | കണ്ണൂർ | ജി 50 ധർമ്മടം ഗ്രാമപഞ്ചായത്ത് | 11-പരീക്കടവ് | ജനറൽ |

1. 2023 ആഗസ്റ്റ് 10 ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം **ഇന്ന് (14.07.2023)** മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
2. മേൽപ്പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിശ്ചിത സമയപരിധിക്കുള്ളിൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ അറിയിക്കേണ്ടതാണ്.
3. തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം 1 ലുള്ള നോട്ടീസ് **15.07.2023** -ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ടപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.
4. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ് **10.08.2023** -ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്. കൂടാതെ, ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
5. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് അത്യാവശ്യസന്ദർഭങ്ങളിൽ ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
6. 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടം പ്രകാരം ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ രണ്ടായിരം രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നാലായിരം രൂപയും ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവയ്ക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്.
7. വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2022 ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിലേയ്ക്ക് നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൂടി നിശ്ചിത ഫാറത്തിൽ (ഫാറം എൻ 42) രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

8. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 75,000/- രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.

9. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫല പ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഗ്രാമപഞ്ചായത്തുകളിൽ അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെയുമാണ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ വിവരം സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കാൻ വരണാധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

10. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പ് അനുസരിച്ച് തിരഞ്ഞെടുപ്പ് ചെലവുകണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, sec.kerala.gov.in സൈറ്റിൽ ഓൺലൈനിലൂടെയും നേരിട്ടും യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ബി.സുരേന്ദ്രൻ പിള്ള
സെക്രട്ടറി

പകർപ്പ് :

1. അഡീഷണൽ ചീഫ് സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖകത്തു സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.
4. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.

5. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാകളക്ടർ മുഖേന)
6. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)
7. സ്റ്റാന്റിംഗ് കൗൺസിൽ, സം.തി.ക
8. എ2, എ4. ബി5 സെക്ഷനുകൾ, സം.തി.ക (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)
9. പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക (പത്രക്കുറിപ്പ് നൽകുന്നതിനായി)
10. കമ്മീഷണറുടെ പി.എസ്./ സി.എ / സെക്രട്ടറിയുടെ സി.എ.
11. കംമ്പ്യൂട്ടർ പ്രോഗ്രാമർ, സം.തി.ക, ഫയൽ /സ്റ്റോക്ക് ഫയൽ.

അനുബന്ധം-2

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## ഉപതിരഞ്ഞെടുപ്പ് (10/08/2023)

### കാര്യപരിപാടി

| | |
|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : 2023 ജൂലൈ 15 (ശനി) |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : 2023 ജൂലൈ 22 (ശനി) |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : 2023 ജൂലൈ 24 (തിങ്കൾ) |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : 2023 ജൂലൈ 26 (ബുധൻ) |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്ന തിനുള്ള തീയതിയും സമയവും | : 2023 ആഗസ്റ്റ് 10 (വ്യാഴം)<br>സമയം രാവിലെ 7 മുതൽ<br>വൈകുന്നേരം 6 മണി വരെ |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : 2023 ആഗസ്റ്റ് 11 (വെള്ളി)<br>രാവിലെ 10 മണി മുതൽ |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : 2023 ആഗസ്റ്റ് 14 (തിങ്കൾ) |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : 2023 സെപ്റ്റംബർ 9(ശനി) |

ബി.സുരേന്ദ്രൻ പിള്ള
സെക്രട്ടറി